## പതിമൂന്നാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 788 — 12.06.2013-ൽ മറുപടിയ്ക്ക്

### ഭൂഗർഭ ജലനിരപ്പ് - പഠനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. കെ. രാജു<br>ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. ഇ. കെ. വിജയൻ | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് ഭൂഗർഭ ജല നിരപ്പിൽ വൻ കുറവ് വന്നിട്ടുള്ളതായി വിദഗ്ദ്ധ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നുണ്ടോ; | എ) 2012 ലെ കാലവർഷം വളരെയധികം ദുർബലമായിരുന്നതിനാൽ ഭൂജല നിരപ്പിൽ കാര്യമായ കുറവ് വന്നിട്ടുള്ളതായി വകുപ്പിന്റെ നിരീക്ഷണ കിണറുകളുടെ ഡാറ്റ സൂചിപ്പിക്കുന്നു. |
| ബി) മുൻകാലങ്ങളെ അപേക്ഷിച്ച് ഇപ്പോൾ ഭൂഗർഭ ജലനിരപ്പ് എത്ര താഴ്ന്നതായിട്ടാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്; | ബി) മുൻ വർഷത്തെ അപേക്ഷിച്ച് ഭൂജല നിരപ്പിൽ കാര്യമായ കുറവാണ് ഈ വർഷം രേഖപ്പെടുത്തിയിട്ടുള്ളത്. പ്രാഥമിക അവലോകന റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, വയനാട്, കോട്ടയം എന്നീ ജില്ലകളിൽ 3 മീറ്ററോ അതിലധികമോ കുറവ് ജലനിരപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പൂർണ്ണമായ അവലോകന റിപ്പോർട്ട് ഭൂജല വകുപ്പ് തയ്യാറാക്കി വരുന്നു. |
| സി) ഭൂഗർഭജലനിരപ്പ് സംബന്ധിച്ചുള്ള എന്തെല്ലാം പഠനങ്ങളാണ് ഇതു വരെ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | സി) ഭൂജല നിരപ്പിനെ കുറിച്ച് നിശ്ചിത കാലയളവുകളിൽ സംസ്ഥാന ഭൂജല വകുപ്പും കേന്ദ്ര ഭൂജല ബോർഡും സംസ്ഥാനത്തെ ഭൂജല സ്ഥിതിയെ കുറിച്ച് പഠനം നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിക്കാറുണ്ട്. കൂടാതെ ഭൂജല സ്ഥിതിയെ കുറിച്ചുള്ള ഇടക്കാല റിപ്പോർട്ടും ഭൂജലവകുപ്പ് പ്രസിദ്ധീകരിക്കാറുണ്ട്. |

| | |
|---|---|
| (d) ഭൂഗർഭജലനിരപ്പ് താഴുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും അപകടകരമായ സാഹചര്യങ്ങൾനിലനിൽക്കുന്നുണ്ടോ; വിശദമാക്കുമോ ? | ഡി) കാലവർഷത്തിന്റെ കുറവ് മൂലം ഭൂജല നിരപ്പിൽ വന്ന കുറവ് താത്കാലികമായ ഒരു പ്രതിഭാസമാണ് എന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. എന്നാൽ കുറേ വർഷങ്ങളായി ഭൂപ്രകൃതിയിൽ ഉണ്ടായ മാറ്റങ്ങളും, പുഴകളിലെ മണൽവാരൽ, അനിയന്ത്രിതമായ മേൽമണ്ണ് നീക്കം ചെയ്യൽ, നഗരവൽക്കരണം തുടങ്ങിയവയും ഭൂജല സമ്പത്തിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ